പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 147

# 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ. നോട്ടീസ് നൽകിയത്)

815/2018.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 147

# 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം. എൽ. എ. നോട്ടീസ് നൽകിയത്)

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2018-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് എന്ന് പേര് പറയാം.

(2) ഈ ആക്ടിലെ വ്യവസ്ഥകൾ സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. 447-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്ട് എന്നാണ് പരാമർശിക്കപ്പെടുക) അതായത് :—

447-ാം വകുപ്പിൽ (6-)ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ് :

(7) 1077-ലെ അബ്കാരി ആക്ടിലോ (1077-ലെ 1) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും യാതൊരാളും മുനിസിപ്പാലിറ്റിയുടെ മുൻകൂട്ടിയുള്ള അനുവാദത്തോടെയും അനുവാദത്തിൽ പ്രത്യേകം പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായിട്ടും അല്ലാതെ ഒരു മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കുവാൻ പാടുള്ളതല്ല

(8) വിദ്യാഭ്യാസ സ്ഥാപനത്തിന്റെയോ ആരാധന സ്ഥലത്തിന്റെയോ അടുത്ത് ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കുന്നതിന് അനുവാദം നൽകുമ്പോൾ തൽസമയം പ്രാബല്യത്തിലുള്ള അബ്കാരി ആക്ടിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ നിർണ്ണയിച്ചിട്ടുള്ള ദൂരപരിധി പാലിക്കേണ്ടതും പ്രസ്തുത ദൂരപരിധിക്കുള്ളിൽ ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കുവാൻ മുനിസിപ്പാലിറ്റി അനുവാദം നൽകുവാൻ പാടില്ലാത്തതുമാകുന്നു.

815/2018.

(9) പൊതു സമാധാനത്തിന്റെയോ സൻമാർഗ്ഗത്തിന്റെയോ താൽപ്പര്യത്തിലോ സൗകര്യമോ ശല്യമോ കാരണമായോ ഒരു അബ്കാരി ഷാപ്പ് ഒരു സ്ഥലത്തുനിന്നും ഇതിനായി നിർദ്ദേശിക്കാവുന്ന പതിനഞ്ച് ദിവസത്തിനുള്ളിൽ കവിയാത്ത സമയപരിധിക്കുള്ളിൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റുവാനോ അടയ്ക്കുവാനോ ഉത്തരവ് നൽകുവാൻ ഒരു മുനിസിപ്പാലിറ്റിക്ക് അധികാരമുണ്ടായിരിക്കും.

(10) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും (7) മുതൽ (9) വരെയുള്ള ഉപവകുപ്പുകളിലെ വ്യവസ്ഥകൾ 2012-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2012-ലെ 64) പ്രാബല്യത്തിൽ വന്ന 2012 നവംബർ 25-ാം തീയതി നിലവിലുള്ള യാതൊരു അബ്കാരി ഷാപ്പിനോ നിലവിലുള്ള എല്ലാ നിയമവ്യവസ്ഥകൾക്കും വിധേയമായി പ്രസ്തുത തീയതിയിൽ നിലവിലുള്ള കള്ളുഷാപ്പുകൾ അവ സ്ഥാപിക്കുവാനായി അനുവദിച്ചിട്ടുള്ള അതിരുകൾക്കുള്ളിലുള്ള പ്രദേശത്ത് മാറ്റി സ്ഥാപിക്കുന്നതിനോ ബാധകമായിരിക്കുന്നതല്ല.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

73, 74 ഭരണഘടന ഭേദഗതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരവികേന്ദ്രീകരണത്തിലൂടെ കൂടുതൽ അവകാശങ്ങൾ വ്യവസ്ഥ ചെയ്യുന്നതായിരുന്നു. പൊതുസമാധാനത്തിന് ശല്യമാകുന്ന അബ്കാരി ഷാപ്പ് അത് സ്ഥിതിചെയ്യുന്ന സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറ്റുവാനോ അടച്ചുപൂട്ടുവാനോ ഉത്തരവ് നൽകുവാൻ നഗരസഭകൾക്ക് അധികാരം ഉണ്ടായിരുന്നു. ഈ അധികാരം 2017-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതിയിലൂടെ ഇല്ലാതായി. നഷ്ടപ്പെട്ട അധികാരം തിരികെ കൊണ്ടുവരുക എന്നതാണ് ഈ ബില്ലിൽ ഉദ്ദേശിക്കുന്നത്.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിൽ മുനിസിപ്പാലിറ്റിയുടെ രേഖാമൂലം മുൻകൂട്ടിയുള്ള അനുവാദമില്ലാതെയും അനുവാദത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായിട്ടുമല്ലാതെ ഒരു മുനിസിപ്പൽ പ്രദേശത്ത് ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കുവാൻ സാധിക്കുമായിരുന്നില്ല. അതുപോലെതന്നെ വിദ്യാഭ്യാസ സ്ഥാപനത്തിന്റെയോ ആരാധനാലയത്തിന്റെയോ അടുത്ത് ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കുന്നതിന് നിശ്ചിത ദൂരപരിധി പാലിക്കേണ്ടതും പ്രസ്തുത ദൂരപരിധിക്കുള്ളിൽ ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കുന്നതിന് അനുമതി നിഷേധിക്കുന്നതിനുള്ള അവകാശവും മുനിസിപ്പാലിറ്റികൾക്ക് നൽകിയിരുന്നു. പൊതു സമാധാനത്തിനും സൻമാർഗത്തിനും ഭീഷണിയാകുന്ന ഒരു അബ്കാരി ഷാപ്പ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് നിന്നും 15 ദിവസത്തിനുള്ളിൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റുവാനോ അല്ലെങ്കിൽ അടച്ചുപൂട്ടുവാനോ ഉത്തരവ് നൽകുവാനും മുനിസിപ്പാലിറ്റികൾക്ക് അനുവാദം ഉണ്ടായിരുന്നു. നഗരസഭകൾക്ക്

ഉണ്ടായിരുന്ന പ്രസ്തുത അധികാരം വീണ്ടും തിരികെ കൊണ്ടുവരാനാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. നഗരങ്ങൾക്ക് ഉണ്ടായിരുന്ന അധികാര വികേന്ദ്രീകരണം പുനഃസ്ഥാപിക്കുന്നതുവഴി മദ്യവർജനം എന്ന ആശയം പ്രാവർത്തികമാക്കുവാൻ കഴിയും. പൂർണ്ണമായും മദ്യവർജനം വന്നാൽ മാത്രമേ നാട്ടിൽ വാഹനാപകടങ്ങൾ കുറയുകയും കുടുംബാന്തരീക്ഷം സമാധാനപൂർണ്ണമാകുകയും ചെയ്യുകയുള്ളൂ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഭേദഗതി നടപ്പിൽവരുത്തുമ്പോൾ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം. എൽ. എ.